## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **4021** 18-10-2011-ൽ മറുപടിയ്ക്ക്

# ലക്ഷംവീട് കോളനികളിൽ പട്ടയം അനുവദിക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ. സി. കെ. നാണു<br>ശ്രീ. മാത്യു റ്റി. തോമസ്<br>ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീമതി ജമീലാ പ്രകാശം | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. റവന്യു വകുപ്പുമന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് ലക്ഷംവീട് കോളനികളിൽ പട്ടയം അനുവദിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ ; | (എ) 20.5.1997-ലെ ജി.ഒ. (എം.എസ്) നം. 355/97 ആർ.ഡി. ഉത്തരവ് പ്രകാരം സംസ്ഥാനത്ത് ലക്ഷംവീട് കോളനികളിൽ പട്ടയം അനുവദിക്കുന്നതിനായി താഴെ ചേർത്തിരിക്കുന്ന വ്യവസ്ഥകൾ ഉത്തരവായിട്ടുണ്ട് :-<br>1) ഭൂമി അന്യാധീനപ്പെടുത്തുവാൻ പാടില്ല<br>2) സ്ഥലം അനുവദിക്കപ്പെട്ടവർ അന്യാധീനപ്പെടുത്തി കഴിഞ്ഞ സ്ഥലത്തിന്റെ നിലവിലുള്ള കൈവശക്കാർ അർഹരും, സാമ്പത്തികമായി ദുർബല വിഭാഗത്തിൽപ്പെട്ടവരുമാണെങ്കിൽ ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾ അംഗീകരിക്കുന്ന പക്ഷം അവർക്ക് പട്ടയം നൽകാവുന്നതാണ്<br>3) പ്രസ്തുത കൈവശക്കാർക്ക് സ്വന്തമായി മറ്റ് വീടുകൾ ഇല്ലെന്ന് ഉറപ്പുവരുത്തിയതിനു ശേഷമായിരിക്കണം പട്ടയം നൽകേണ്ടത്.<br>4) പട്ടയം നൽകുമ്പോൾ തറവിലയും സർവേ ആന്റ് ഡിമാർക്കേഷൻ ചാർജും സ്റ്റോൺ ചാർജ്ജും ഈടാക്കേണ്ടതില്ല. |
| (ബി) ഇപ്രകാരം പട്ടയം അനുവദിക്കപ്പെട്ട ഭൂമികൾ കൈമാറ്റം ചെയ്യുന്നതിന് നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ; | (ബി) ലക്ഷംവീട് പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ഭൂമി വില കൊടുത്ത് വാങ്ങുന്നതിനും അ:വ ചെറിയ മൂന്ന്, നാല് സെന്റ് വിസ്തീർണ്ണമുള്ള പ്ലോട്ടുകളാക്കി തിരിച്ച് അർഹരായവർക്ക് |

| | |
|---|---|
| | അനുവദിക്കുന്നത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. ഇപ്രകാരം ഗുണ ഭോക്താക്കളെ നിശ്ചയിച്ച് അനുവദിക്കപ്പെട്ട ഭൂമിയ്ക്ക് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങൾ നൽകുന്ന അനുവാദ പത്രികയുടെ അടിസ്ഥാനത്തിൽ പട്ടയം നൽകുക മാത്രമാണ് റവന്യു വകുപ്പ് ചെയ്യുന്നത്. തദ്ദേശ സ്വയംഭ രണ സ്ഥാപനങ്ങൾ ഗുണഭോക്താക്കൾക്കു നൽ കുന്ന അനുവാദ പത്രികയിൽ അനുവദിക്കപ്പെട്ട ഭൂമി ഒരു കാലത്തും കൈമാറ്റം ചെയ്യുവാൻ പാടില്ല എന്നും ഗുണഭോക്താവിനും കുടുംബ ത്തിനും സന്താന പരമ്പരകൾക്കും താമസിക്കു ന്നതിനുമാത്രം കൈവശം വച്ച് ഉപയോഗിക്കാ വുന്നതാണെന്നും പ്രസ്തുത ഭൂമി താമസിക്കു വാൻ ആവശ്യമില്ലാതെ വരുന്ന പക്ഷം സർക്കാ രിന്റെ പ്രതിനിധി എന്ന നിലയ്ക്ക് പഞ്ചായത്തിനെ തിരികെ ഏൽപ്പിക്കേണ്ടതാണെന്നും നിർഷ്കർ ഷിച്ചിട്ടുണ്ട്. കൂടാതെ ലക്ഷം വീട് പദ്ധതി പ്രകാരം അനുവദിക്കുന്ന സ്ഥലങ്ങൾ ഗുണഭോക്താക്കൾ കൈമാറ്റം ചെയ്യുന്നത് തട യുന്നതിനായി ഇത്തരത്തിലുള്ള അധാരങ്ങളുടെ പോക്കുവരവ് നടത്തുന്നത് നിരസിക്കണമെന്നും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ; | സി), (ഡി) & (ഇ) ഇത് സംബന്ധിച്ച് വിശദ വിവരങ്ങൾ ശേഖരിച്ചുവരുന്നു. |
| (ഡി) മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പട്ടയ ഭൂമി കൈമാറ്റം ചെയ്യുവർക്കെതിരെ നടപടി എടുത്തിട്ടുണ്ടോ ; | |
| (ഇ) എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ | |

സെക്ഷൻ ഓഫീസർ